# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.849 09.08.2017-ലെ മറുപടി

## ജല അതോറിറ്റി ആസ്ഥാനത്ത് നിർമ്മിച്ച കെട്ടിടം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല : | | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ 36 കോടി രൂപ ചെലവ് ചെയ്ത് ജല അതോറിറ്റി ആസ്ഥാനത്ത് നിർമ്മിച്ച കെട്ടിടവും അനുബന്ധ സോഫ്റ്റ് വെയറും ഉദ്ഘാടനം കഴിഞ്ഞ് മാസങ്ങൾ പിന്നിട്ടിട്ടും ഉപയോഗശൂന്യമായി കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | കെട്ടിട പണി പൂർത്തീകരിച്ച ശേഷമാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. എന്നാൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, ഫയർ ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് ശേഷം ചില പുതിയ സംവിധാനങ്ങൾ സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇവ പൂർത്തീകരിച്ച് ഫൈനൽ എൻ.ഒ.സി ക്കായി സമർപ്പിച്ചിരിക്കുകയാണ്. ഇതാണ് കാലതാമസത്തിനിടയാക്കിയത്. ജല അതോറിറ്റി ആസ്ഥാനത്ത് നിർമ്മിച്ച കെട്ടിടം ഉദ്ഘാടനം ചെയ്ത 2017 ഫെബ്രുവരി 27 മുതൽ തന്നെ സോഫ്റ്റ് വെയർ ഭാഗികമായി പ്രവർത്തനം ആരംഭിച്ചിരുന്നു. മാർച്ച് മാസത്തോടു കൂടി കേരളത്തിലെ എല്ലാ ജലഅതോറിറ്റി ഓഫീസുകളേയും ഉൾപ്പെടുത്തി പൂർണ്ണതോതിൽ പ്രവർത്തിച്ചു വരുന്നു. നിലവിൽ പൊതു ജനങ്ങൾക്ക് നേരിട്ട് പരാതികൾ രജിസ്റ്റർ ചെയ്യാനും തുടർന്ന് പരാതിയുടെ മേൽ നടപടികളുടെ നിലവാരം അറിയാനുമുള്ള സൗകര്യം ലഭ്യമാണ്. |
| ബി നഗരത്തിൽ ഗ്രീൻ ബെൽറ്റിൽ നിർമ്മിച്ച ഈ കെട്ടിടത്തിന് ഉദ്ഘാടന സമയത്തും കെട്ടിടത്തിനാവശ്യമായ ഒരു അനുമതിയും ഒരിടത്ത് നിന്നും ലഭിച്ചിരുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിരുന്നോ; | ബി & സി | ഈ കെട്ടിടത്തിന്റെ പെർമിറ്റിന് ആവശ്യമായ എല്ലാ രേഖകളും 22.08.2014 ൽ തന്നെ തിരുവനന്തപുരം നഗരസഭയ്ക്ക് നൽകുകയുണ്ടായി. എന്നാൽ 21.02.2017-നാണ് കെട്ടിടത്തിന്റെ പെർമിറ്റ് ലഭിച്ചത്. സർക്കാർ അംഗീകൃത ഡി.പി.ആർ സ്കീമിലാണ് നിർമ്മിച്ചിരിക്കുന്നത് എന്ന |

| | | | |
|---|---|---|---|
| സി | എങ്കിൽ കെട്ടിടനിർമ്മാണം ക്രമവൽക്കരിച്ച് പ്രവർത്തന സജ്ജമാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; | | വിവരം നഗരസഭ അറിയിച്ചത്. തുടർന്ന് ഈ വിഷയം പരിശോധിക്കുകയും 01.07.2017-ലെ സർക്കാർ ഉത്തരവ് 2218/2017/തസ്വഭവ. പ്രകാരം ഈ കെട്ടിടത്തിന്റെ നിർമ്മാണം ക്രമവൽക്കരിച്ച് നൽകുകയുമുണ്ടായി. കേരള ബിൽഡിംഗ് റൂൾസ് (കെ.ബി.ആർ) പ്രകാരമാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. |
| ഡി | കെട്ടിടം എന്നത്തേക്ക് പ്രവർത്തന സജ്ജമാക്കും എന്ന് വ്യക്തമാക്കാമോ ? | ഡി | കെട്ടിടം 2017 ആഗസ്റ്റ് പതിനേഴാം തിയതി മുതൽ പ്രവർത്തന സജ്ജമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |

Renuka Sankar
സെക്ഷൻ ഓഫീസർ